"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എൽ.എ.സി - എ.ഡി.എസ് - പാലക്കാട് ജില്ല - ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക റീ - അലോട്ട്മെന്റ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.4870/2025/GEDN തീയതി,തിരുവനന്തപുരം, 25-07-2025

പരാമർശം:- 
1. 03.09.2024 - ലെ സ.ഉ.(സാധാ) നമ്പർ.5620/2024/പൊ.വി.വ
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.05.2025 - ലെ ബി2/13289/2023/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് നിയോജക മണ്ഡലം ആസ്തിവികസന ഫണ്ടിൽ (2023-24) നിന്നും 17,11,483/- (പതിനേഴ് ലക്ഷത്തി പതിനൊന്നായിരത്തി നാന്നൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) രൂപ വിനിയോഗിച്ച് ബസ് വാങ്ങുന്നതിന് പരാമർശം (1) പ്രകാരം തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ അനുവദിച്ച തുകക്ക് GEM പോർട്ടലിൽ ബസ് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ ടി തുക യഥാസമയം വിനിയോഗിക്കാൻ കഴിയാതെ വന്നു എന്നും ആയതിനാൽ ടി തുക സർക്കാരിൽ സറണ്ടർ ചെയ്തിരുന്നു എന്നും ഈ സാഹചര്യത്തിൽ മേൽ തുക ഈ സാമ്പത്തിക വർഷം റീ - അലോട്ട് ചെയ്യണമെന്നും പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് ബസ് വാങ്ങിയ തുകയായ 17,11,483/- (പതിനേഴ് ലക്ഷത്തി പതിനൊന്നായിരത്തി നാന്നൂറ്റി എൺപത്തിമൂന്ന് രൂപ

മാത്രം) രൂപ നടപ്പ് സാമ്പത്തികവർഷം ' 4202-01-800-84- Projects under LAC- ADS - Other Projects (NP) ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും റീ - അലോട്ട്മെന്റ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, പാലക്കാട്
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. ട്രെഷറി ഡയറക്ടർ, തിരുവനന്തപുരം.
5. വിദ്യാഭ്യാസ ഉപഡയറക്ടർ,പാലക്കാട്
6. ധനകാര്യ വകുപ്പ് (03.07.2025 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. E 2639034/NC-C2/62/2023 – Fin പ്രകാരം)
7. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sajitha V
Date: 25-07-2025 11:07:45
സെക്ഷൻ ഓഫീസർ